# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1870 — 04.05.2017 ൽ മറുപടിക്ക്

## ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ. | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗെയിൽ "വാതക പൈപ്പ് ലൈൻ" പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | ഉണ്ട്. സംസ്ഥാനത്ത് ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയോടനുബന്ധിച്ച് സ്ഥലം ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. രണ്ട് ഘട്ടങ്ങളായാണ് ഇത് നടപ്പിലാക്കുന്നത്. 1) കൊച്ചി -കൂറ്റനാട് 2) ബാംഗ്ലൂർ - മാംഗ്ലൂർ . ഇതിൽ ഒന്നാം ഘട്ടം പൂർത്തിയായി. കേരളത്തിൽ എറണാകുളം , തൃശ്ശൂർ, പാലക്കാട് . മലപ്പുറം , കോഴിക്കോട്, കണ്ണൂർ , കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലൂടെ പൈപ്പ് ലൈൻ കടന്നു പോകുന്നു. വീടുകളേയും മറ്റു കെട്ടിടങ്ങളേയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. ജനവാസ മേഖലയിലെ സുരക്ഷയെക്കുറിച്ച് യാതൊരുവിധ ആശങ്കയുടെയും സാഹചര്യമില്ല. പദ്ധതിക്കായി ഭൂമിയുടെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഉടമസ്ഥാവകാശം ഭൂവുടമയിൽത്തന്നെ നിക്ഷിപ്തമാണ്. ഭൂമിയുടെ ക്രയവിക്രയത്തിന് യാതൊരു തടസ്സവുമില്ല. ഇതുസംബന്ധിച്ചുള്ള ശാസ്ത്രീയ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തിക്കഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതി കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്; വ്യക്തമാക്കുമോ; പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ആശങ്ക ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം നൽകുമോ; | | |
| (സി) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നതിന് അലൈൻമെന്റ് തയ്യാറാക്കിയിട്ടുള്ളത്; | (സി) | ഏറനാട് താലൂക്കിലെ പാണക്കാട് , മേൽമുറി, പൂക്കോട്ടൂർ, നറുകര, പുൽപ്പറ്റ, കാവനൂർ, അരീക്കോട് , കീഴ്പ്പറമ്പ എന്നീ പ്രദേശങ്ങളിലൂ |

| | | | |
|---|---|---|---|
| | സർവ്വേ നമ്പർ, ഉടമസ്ഥത എന്നീ വിവരങ്ങൾ ഉൾപ്പെടെ വിശദാംശം നൽകുമോ; | | ടെയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. പൈപ്പ് ലൈൻ കടന്നുപോകുന്ന സർവ്വേ നമ്പറുകൾ ഇന്ത്യാ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | താരതമ്യേന ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കി ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിനും ഇതു വഴി ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ജനവാസമേഖലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് യാതൊരു ആശങ്കക്കും അടിസ്ഥാനമില്ല. ജനസാന്ദ്രത ക്ലാസ്സിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകൽപന ചെയ്തിട്ടുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. ജനവാസ മേഖലയെ പരമാവധി ഒഴിവാക്കിക്കൊണ്ട് നിലവിൽ സാധ്യമായതും ഏറ്റവും അനുയോജ്യമായതുമായ അലൈൻമെന്റ് ആണ് നിലവിലുള്ളത്. വീടുകളേയും മറ്റു കെട്ടിടങ്ങളേയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. ഈ പദ്ധതിക്കു വേണ്ടിയുള്ള പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടുപോലും പൊളിച്ചു മാറ്റേണ്ട ആവശ്യമില്ല. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പഞ്ചായത്തുകൾ തോറും ശാസ്ത്രീയകാരണം വിശദീകരിച്ചുകൊണ്ട് ബോധവൽക്കരണം നടത്തിക്കഴിഞ്ഞു. സംസ്ഥാനത്തിന് നേട്ടമുണ്ടാകുന്ന ഈ പദ്ധതിയുടെ ആവശ്യകതയും ജനങ്ങളോട് വിശദീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**